LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം മെഡിക്കൽ കോളേജിലെ ബി.എസ്.സി. നഴ്സിംഗ് ഹോസ്റ്റലിന്റെ നിർമ്മാണം

36 (4839) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം മെഡിക്കൽ കോളേജിലെ ബി.എസ്.സി. നഴ്സിംഗ് ഹോസ്റ്റലിന്റെ നിർമ്മാണത്തിന്റെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ ;

(ബി) 90% പണിയും പൂർത്തിയായ കെട്ടിടത്തിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(സി) ഹോസ്റ്റൽ ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ബാക്കി പണി പൂർത്തിയാക്കി ഹോസ്റ്റൽ അടിയന്തരമായി തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യുക്കേഷന്റെ (കേപ്പ്) കീഴിലായിരുന്ന നഴ്സിംഗ് കോളേജ് സർക്കാർ ഏറ്റെടുക്കുമ്പോൾ ഹോസ്റ്റലിന്റെ പണി പൂർത്തീകരിച്ചിരുന്നില്ല. സർക്കാർ ഏറ്റെടുത്തതിനുശേഷം ഹോസ്റ്റലിന്റെ പണി തുടരാനുള്ള സാങ്കേതിക ബുദ്ധിമുട്ട് കേപ്പ് അറിയിച്ചതിനെ തുടർന്ന് പൊതുമരാമത്ത് വിഭാഗം ബാക്കിയുള്ള പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. അതിൻപ്രകാരം ഇരുപത് ശതമാനം പണി പൂർത്തീകരിക്കുവാനുണ്ട്.

(ബി-ഡി) 2015-16 സാമ്പത്തിക വർഷം ക്യാപിറ്റൽ ഹെഡിൽ എറണാകുളം ഗവൺമെന്റ് നഴ്സിംഗ് കോളേജിനുവേണ്ടി തുക വകയിരുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ നഴ്സിംഗ് ഹോസ്റ്റലിന്റെ പണി പൂർത്തീകരിക്കുന്നതിനാവശ്യമായ ചെലവ് അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽനിന്നും വകയിരുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ

37 (4840) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പൂർണ്ണമായും നടപ്പിലാക്കിയോ എന്ന് അറിയിക്കാമോ ; എങ്ങുകൊണ്ടാണ് അവ ആരംഭിക്കാത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം താലൂക്കാശുപത്രികളിലാണ് ഇനിയും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാത്തത് എന്നും പ്രസ്തുത യൂണിറ്റ് ആരംഭിക്കണമെങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് വേണ്ടതെന്നും അറിയിക്കാമോ ;

(സി) ചേർത്തല താലൂക്കാശുപത്രിയിൽ പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും അവിടെ ആയത് ആരംഭിക്കുന്നതിന് ആശുപത്രി അധികൃതർ എന്നാണ് അപേക്ഷ സമർപ്പിച്ചതെന്നും എന്നത്തേക്ക് പ്രസ്തുത യൂണിറ്റ് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്തെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(ബി) നിലവിൽ ഹരിപ്പാട്, തൊട്ടപുഴ, തിരുരങ്ങാടി, പൊന്നാനി, ഒറ്റപ്പാലം, കുറ്റ്യാടി, പേരാമ്പ്ര, താമരശ്ശേരി, വൈത്തിരി എന്നിവ ഒഴികെയുള്ള താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല.

പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യവും ഡയാലിസിസ് മെഷിനുകളും അവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരും ഈ യൂണിറ്റ് പ്രവർത്തിക്കുന്നതിന് ആവശ്യമാണ്.

(സി) നിലവിൽ കെട്ടിട സൗകര്യങ്ങളോ, ജീവനക്കാർ ഉൾപ്പടെ അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമല്ല. ടി ആശുപത്രിയിൽ നിലവിലുള്ള ട്രോമാകെയർ കെട്ടിടത്തിനുമുകളിൽ മുൻ കേന്ദ്രമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ ചെലവിൽ ഡയാലിസിസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല.

കാൻസർ രോഗ നിയന്ത്രണം

38 (4841) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly